(ബി) ഇതിനുവേണ്ടി കാസർഗോഡ് എവിടെയെല്ലാം എത്ര ഏക്കർ വീതം സ്ഥലം അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി കളക്ടറേറ്റിൽ ആരംഭിച്ച ഓഫീസ് നിലവിലുണ്ടോ ; ഇത് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) എന്നത്തേക്ക് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ കേന്ദ്രം കാസർഗോഡ് ഇതുവരെ അനുവദിച്ചിട്ടില്ല.

(ബി) കാസർഗോഡ് മേഖലാ കേന്ദ്രത്തിനായി ജില്ലയിലെ കുടുലു വില്ലേജിൽ ഒരു ഏക്കർ സ്ഥലം അനുവദിച്ചിരുന്നു.

(സി) ഇതിനുവേണ്ടി ആരംഭിച്ച ഓഫീസ് ഇപ്പോൾ നിലവിലില്ല. മേഖലാ ശാസ്ത്ര കേന്ദ്രത്തിന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം കുറഞ്ഞത് അഞ്ച് ഏക്കർ അനുയോജ്യമായ സ്ഥലവും സർക്കാരിന്റെ ഭരണാനുമതിയും ആവശ്യമായ കെട്ടിടങ്ങളും ഇതര സംവിധാനങ്ങൾ നിർമ്മാണത്തിനാവശ്യമായ തുകയും ആവശ്യമാണ്.

(ഡി) മുൻപു പരമാർശിച്ച കാര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മേഖലാ ശാസ്ത്രകേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

67 (2071) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കുമോ ;

(ബി) ഐ.സി.ടി. പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ എത്ര സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ആരംഭിച്ചത് ;

(ഡി) കണ്ണൂർ ജില്ലയിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ട് ;

(ഇ) പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ സ്കൂളുകളിൽ ഐ.ടി. അധിഷ്ഠിത പഠനത്തിനാണ് ഊന്നൽ കൊടുക്കുന്നത്. ഇത് നേടുന്നതിന് അത്യന്താപേക്ഷിതമായ സൗകര്യങ്ങൾ :

1. സ്കൂളുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

2. ഫലപ്രദമായ അധ്യാപകപരിശീലനം നൽകുക എന്നിവയാണ്.

ഇതിനായി ഐ.സി.ടി. സ്കീമിൽ ഉൾപ്പെട്ട എല്ലാ സ്കൂളുകൾക്കും കമ്പ്യൂട്ടർ അനുബന്ധ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിവരികയാണ്. എല്ലാ സ്കൂളുകളിലും സ്കൂളിന്റെ ആവശ്യത്തിനനുസരിച്ച് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ, ജനറേറ്റർ, ഡിജിറ്റൽ ക്യാമറ, മൾട്ടി പർപ്പസ് പ്രിന്റർ തുടങ്ങിയവ നൽകി വരുന്നു. എല്ലാ ഹൈസ്കൂൾ അധ്യാപകർക്കും അടിസ്ഥാന ഐ. ടി. പരിശീലനം, വിഷയബന്ധിതമായ ഐ.ടി. പരിശീലനം എന്നിവ നല്കിക്കഴിഞ്ഞു. യു.പി. വിഭാഗം അധ്യാപകർക്കും ഐ.ടി. പരിശീലനം നൽകിവരികയാണ്.

(ബി) സ്കൂളുകളിൽ എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർ സഹായത്തോടെ പഠിപ്പിക്കുന്നതിനാണ് ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചുവരുന്നത്. ഇതിനായി 3953 ഇടങ്ങളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിക്കഴിഞ്ഞു. മറ്റ്. ഐ.സി.ടി അനുബന്ധ ഉപകരണങ്ങളുടെ ആവശ്യകത സ്കൂളുകളിൽ നിന്ന് ശേഖരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങളും സൗകര്യവും ലഭ്യമാക്കുന്നുമുണ്ട്. ക്ലാസ്മുറികളിൽ ഐ.സി.ടി. പഠനം നടത്താൻ സർക്കാർ സ്കൂളുകൾക്ക് ക്ലാസ്മുറികൾ വൈദ്യുതീകരിക്കുന്നതിനും സൗകര്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസം ശരിയായ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി എട്ടാം ക്ലാസ്സിലെ ഐ.സി.ടി. പാഠപുസ്തകം ഐ.ടി. അധിഷ്ഠിത മാക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ പഠനം ഐ.സി.ടി. അധിഷ്ഠിതമാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അപ്പർ പ്രൈമറി ക്ലാസുകളിൽ ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്കായി പ്രത്യേക പഠനസഹായിയും പഠനവിഭവ സീഡിയും ലഭ്യമാക്കിയിട്ടുണ്ട്. 9-ാം ക്ലാസിലെ പഠന ബോധന പ്രക്രിയ ശരിയായ അർത്ഥത്തിൽ ഐ. സി. ടി. അധിഷ്ഠിതമാക്കുന്നതിനും ഹയർ സെക്കണ്ടറി മേഖലയിലെ പ്രവർത്തനങ്ങൾ ഐ.ടി. അധിഷ്ഠിതമാക്കുന്നതിനും ക്രമീകരണങ്ങൾ നടന്നുവരുന്നു. എല്ലാ ഹൈസ്കൂൾ/ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കും വെബ്സൈറ്റ്, സ്കൂളുകളിലെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും 'സ്കൂൾ മാനേജ്മെന്റ് സിസ്റ്റം' സോഫ്റ്റ്വെയർ പ്രാവർത്തികമാക്കൽ തുടങ്ങിയവയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.